Uncorrected / Not for publication

# സബ്മിഷൻ

## അനധികൃത വൻകിട ക്വാറികളുടെ പ്രവർത്തനവും തീരപരിപാലന നിയമ ലംഘനവും

ശ്രീ. വി.ഡി. സതീശൻ: സർ, നമ്മുടെ പശ്ചിമഘട്ട മലനിരകളിൽ വ്യാപകമായി വൻകിട അനധികൃത ക്വാറികൾ പ്രവർത്തിച്ചുവരികയാണ്. പല നിയമങ്ങളുടേയും പശ്ചാത്തലത്തിൽ ഇത്തരം ക്വാറികൾക്ക് ബാൻ ഉണ്ടാകുമെന്ന് കരുതി ഒരുവർഷം കൊണ്ട് എടുക്കേണ്ട കരിങ്കല്ല് മുഴുവൻ ഒരു മാസം കൊണ്ട് പൊട്ടിച്ചെടുക്കുകയാണ്. വൻതോതിലാണ് ക്വാറികൾ പ്രവർത്തിക്കുന്നത്. 100 ഏക്കറിലും 150 ഏക്കറിലും ലൈസൻസ് പോലും ഇല്ലാതെ വ്യാപകമായി ക്വാറികൾ പ്രവർത്തിക്കുകയാണ്. ഈ കടുംവെട്ട് നടത്തുമ്പോൾ പ്രകൃതിയെ തന്നെ തുരന്നെടുക്കുകയാണ്. അനധികൃതമായി ക്വാറിംഗ് നടത്തുന്നതുമൂലം ഭൂചലനവും ഉരുൾപ്പൊട്ടലുമടക്കമുള്ള പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. യാതൊരു നിയന്ത്രണവുമില്ലാതെയാണ് ഇവിടെ ക്വാറിംഗ് നടക്കുന്നത്. എല്ലാവരും കർഷകരെക്കുറിച്ചാണ് സംസാരിക്കുന്നത്. കാർഷിക മേഖലയെത്തന്നെ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാക്കുന്ന തരത്തിലുള്ള പ്രകൃതിയുടെ റിയാക്ഷൻസ് തീർച്ചയായും ഈ മേഖലകളിലുണ്ടാകും. ക്വാറികളെ നിയന്ത്രിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. കിഴക്കൻ മേഖലകളിലുള്ളതുപോലെ തീരദേശ മേഖലകളിൽ CRZ നിയമം ഉള്ളതുകൊണ്ട് 1000 sq.ft-ലോ 750 sq.ft-ലോ സാധാരണക്കാരനെ വീടുവയ്ക്കുവാൻ സമ്മതിക്കില്ല. CRZ നിയമങ്ങൾ ലംഘിച്ചുകൊണ്ട്, തീരദേശപരിപാലന നിയമത്തെ ലംഘിച്ചുകൊണ്ട് വ്യാപകമായി ബഹുനില കെട്ടിടങ്ങൾ ധാരാ

ളമായി ഉയർന്നുവരികയാണ്. നിയമങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ടാണ് പശ്ചിമ ഘട്ടങ്ങളിൽ ക്വാറിംഗും തീരദേശപരിപാലന മേഖലകളിൽ കെട്ടിടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റ് വിദഗ്ദ്ധ കമ്മിറ്റികളെ വച്ചുകൊണ്ട് ഈ രണ്ട് കാര്യങ്ങളും പരിശോധിച്ച് നടപടികളെടുക്കുവാൻ തയ്യാറാകണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

**അനധികൃത വൻകിട ക്വാറികളുടെ പ്രവർത്തനവും തീരപരിപാലന നിയമ ലംഘനവും**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് കാര്യങ്ങൾ, കിഴക്കൻ മേഖലയിലെ ക്വാറികളുടെ പ്രവർത്തനവും, CRZ-ന്റെ തീരദേശപരിപാലന നിയമവും രണ്ടും പ്രാധാന്യമുള്ളതാണ്. പാറയുടെ കാര്യത്തിൽ ജനുവിനായിട്ടുള്ള പ്രശ്നം നേരിടുന്നുണ്ട്. ഏത് വികസന പ്രവർത്തനങ്ങൾക്കാണെങ്കിലും പാറ വേണം. പാറയില്ലാതെ ഒരു വികസന പ്രവർത്തനങ്ങളും നടക്കില്ല. അതേസമയം നിയന്ത്രണ രഹിതമായ രീതിയിൽ പൊട്ടിച്ചെടുക്കുക എന്നു പറഞ്ഞാൽ പരിസ്ഥിതിയെ ബാധിക്കും. ഇപ്പോൾ ദൂരപരിധി വച്ചിട്ടുണ്ട്. അത് കർശനമായി നടപ്പിലാക്കിയില്ലെങ്കിൽ അപകടമുണ്ടാകും. ഏർപ്പെടുത്താവുന്ന നിയന്ത്രണങ്ങളൊക്കെ ചെയ്യുന്നുണ്ട്. അടുത്ത കാലത്ത് സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇത് പൂർണ്ണമായും നിരോധിച്ചിരുന്നു. ആ നിരോധനം വന്നതോടുകൂടി വികസന പ്രവർത്തനങ്ങൾ മുഴുവനും നിന്നു. ഇപ്രാവശ്യത്തെ പ്ലാൻ എക്സ്പെന്റീച്ചർ ചെലവാക്കാൻ പോലും കഴിയാത്ത സ്ഥിതി വരികയും ചെയ്തു. ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായും വിവിധ കേന്ദ്രങ്ങളിൽ നിന്ന് കിട്ടിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഇപ്പോൾ കുറച്ച ഇളവ് കൊടുത്തിട്ടുണ്ട്. മെമ്പർ

പറഞ്ഞതിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. അതോടൊപ്പം ഇതുരണ്ടും കൂടി എങ്ങനെ സമന്വയിപ്പിച്ചുകൊണ്ടുപോകുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. വികസന ആവശ്യങ്ങൾ നടക്കുകയും വേണം, അതേസമയം നിയന്ത്രണങ്ങളില്ലാതെ നിയമവിരുദ്ധമായിട്ടുള്ള പാറപൊട്ടിക്കലായാലും തീരദേശ പരിപാലന നിയമ ലംഘനമായാലും പ്രത്യേകമായി നിയമം നടപ്പിലാക്കാൻ വേണ്ടി ശ്രമിക്കുന്നതാണ്.

## നിയന്ത്രിത അവധി

ഡോ. എൻ. ജയരാജ്: സർ, ജനുവരി രണ്ട് എല്ലാവർഷവും ചങ്ങനാശ്ശേരി എൻ.എസ്.എസ് ആസ്ഥാനത്ത് മന്നത്ത് പത്മനാഭന്റെ ജന്മദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് Restricted Holiday- ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ജന്മദിന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് സൗകര്യപ്പെടുത്തുന്ന രീതിയിലാണ് ആർ.എച്ച് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ വർഷത്തെ ജില്ലാ സ്കൂൾ കലോത്സവങ്ങൾ ചില ജില്ലയിൽ ജനുവരി 2-ന് നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ചില ജില്ലകളിൽ പ്രസ്തുത തീരുമാനമെടുക്കുകയും പിന്നീടത് മാറ്റിവയ്ക്കുകയും ചെയ്തു. കൺസ്യൂമർ റിഡ്രസ്സൽ ഫോറത്തിന്റെ ഉൾപ്പെടെയുള്ള ഒട്ടേറെ ഇന്റർവ്യൂകൾ പ്രസ്തുത തീയതിയിൽ നടക്കുകയാണ്. എല്ലാ വിഭാഗങ്ങളും പങ്കെടുക്കേണ്ട സ്കൂൾ കലോത്സവങ്ങളും ഇന്റർവ്യൂകളും ആർ.എച്ച് -അനുവദിക്കുന്ന ദിവസങ്ങളിൽ നടത്തുന്നത് ആർ.എച്ചിന്റെ പ്രയോജനം പലപ്പോഴും നഷ്ടപ്പെടുത്തുന്നുവെന്നതാണ് യാഥാർത്ഥ്യം. അതിനാൽ ഇത് ലഭിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഗവൺമെന്റ് ഇത്തരം

മത്സരങ്ങളും മറ്റും ആർ.എച്ച് ദിവസങ്ങളിൽ നടത്തുവാൻ പാടില്ല എന്നുള്ള നിർദ്ദേശം നൽകണമെന്നാണ് എന്റെ സബ്മിഷൻ.

## <u>നിയന്ത്രിത അവധി</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, മന്നം ജയന്തി ദിനമായ ജനുവരി 2 നിയന്ത്രിതാവധിയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിയന്ത്രിത അവധി ദിനത്തിൽ ആ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പൊതു മേഖല ജീവനക്കാർക്കും അവധിയെടുക്കാം. എന്നാൽ മറ്റുകാര്യങ്ങളെ സംബ ന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ല. എന്നാൽ ഈ നിയ ന്ത്രിത അവധി ദിനങ്ങളിൽ എല്ലാ വിഭാഗക്കാരും പങ്കെടുക്കേണ്ട പരീക്ഷകൾ, ഇന്റർവ്യൂകൾ, കലോത്സവങ്ങൾ എന്നിവ നടത്താറില്ല. അതിന് വ്യത്യ സ്തമായി ചിലത് നടക്കുന്നുവെന്ന് അറിഞ്ഞയുടനെത്തന്നെ നിർത്തിവയ്ക്കു വാൻ പറഞ്ഞിട്ടുണ്ട്. കലോത്സവം രണ്ട് സ്ഥലത്തായിരുന്നു നടത്താൻ തീരു മാനിച്ചത്. കാഞ്ഞിരപ്പള്ളിയിലും എറണാകുളത്തും നടത്തുവാൻ നിശ്ചയിച്ചി രുന്ന രണ്ട് കലോത്സവങ്ങളും മാറ്റിവയ്ക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുപുറമേ പരീക്ഷകൾ, ഇന്റർവ്യൂ തുടങ്ങിയവ എവിടെയെങ്കിലും ഉണ്ടെ ങ്കിൽ അതിനും വ്യക്തമായ നിർദ്ദേശം കൊടുക്കുന്നതായിരിക്കും.

## <u>ശ്രീ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സർക്കാർ മുൻകയ്യെടുത്ത് മുൻ ചീഫ് സെക്രട്ടറി ഡോ. പി. പ്രഭാകരനെ ചെയർമാനായി ഒരു കമ്മീഷനെ നിയമിക്കുകയു

ണ്ടായി. Report on the development of Kasargod District എന്ന സമഗ്ര മായ വികസന രേഖ അദ്ദേഹം സർക്കാറിന് സമർപ്പിക്കുകയുണ്ടായി. അതിൽ അദ്ദേഹം പറയുന്നത് കാസർഗോഡിന്റെ തനിമ ആ ജില്ലയ്ക്ക് സംസ്ഥാ നങ്ങളിൽ ഒരു അതുല്യമായ സ്ഥാനം നൽകിയിട്ടുണ്ടെന്നാണ്. പല സംസ്കാ രങ്ങളുടെയും ജാതിമത വിഭാഗങ്ങളുടെയും ഭാഷകളുടെയും സംഗമ ഭൂമി യാണ് കാസർഗോഡ് ജില്ല. ജില്ലയുടെ സമഗ്ര വികസനത്തിന്റെ വേഗത കൂട്ടു ന്നതിനും ജനങ്ങളുടെ ദീർഘകാലത്തെ പ്രതീക്ഷകൾ സാക്ഷാത്കരി ക്കുന്നതിനും കാസർഗോഡ് ജില്ലയ്ക്ക് സുഭദ്രമായ ഒരു വികസന അടിത്തറ യുണ്ടാക്കി വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക-സാംസ്കാരിക-കാർഷിക-വ്യാവസായിക-ഭൗതിക സാഹചര്യം മുതലായ മേഖലകളിൽ ഭാസുരമായ ഭാവി ഉണ്ടാക്കുന്നതിനോടൊപ്പം ജനങ്ങൾക്ക് വികസനത്തിന്റെ സുവർണ്ണ രേഖ കുറിക്കുവാനുള്ള കേരള സർക്കാരിന്റെ മഹത്തായിട്ടുള്ള ചുവട് വയ്പ്പിന്റെ ഭാഗമാണ് ഈ റിപ്പോട്ട്. ഇതിനുമുമ്പും കണ്ണൂർ ജില്ലയുടെ ഭാഗമാ യിരുന്ന കാസർഗോഡ് ജില്ലയുടെ വികസനത്തെക്കുറിച്ച് പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനുമായി 1970-ൽ ചന്ദ്രബാനു കമ്മീഷനെ നിയമിക്കുക യുണ്ടായി. 44 വർഷം പിന്നിട്ടിട്ടും ആ കമ്മീഷൻ നിർദ്ദേശിച്ച കാര്യങ്ങൾ ഇന്നും ജലരേഖയായി അവശേഷിക്കുകയാണ്. ഈ റിപ്പോർട്ടിനും അങ്ങനെ യൊരു ഗതി ഉണ്ടാകാൻ പാടില്ല എന്നതാണ് എന്റെ വിനീതമായ അഭ്യർത്ഥന. ഈ റിപ്പോർട്ടിലെ നിർദ്ദശങ്ങളുടെ ഇംപ്ലിമെന്റേഷനുവേണ്ടി ഭീമ മായ ഫണ്ട് ആവശ്യമുണ്ട്. പ്രസ്തുത തുക എങ്ങനെയാണ് കണ്ടെത്തുക? അടുത്ത ബഡ്ജററിൽ ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ? ഇതിന്റെ ഇംപ്ലിമെന്റേഷൻ ശരിയായി നടക്കുന്നു എന്ന് ഉറപ്പാക്കാൻ കമ്മീ

ഷനെ ചുമതലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ? മുൻഗണനാടി സ്ഥാനത്തിൽ പ്രവർത്തനം നടത്തുന്നതിനായി ജില്ലയിലെ ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥന്മാർ എന്നിവരുടെ യോഗം വിളിച്ച് ഇതിന്റെ ഇംപ്ലിമെന്റേഷൻ സംബന്ധിച്ച് ഉറപ്പ് വരുത്തണം.

**<u>ശ്രീ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്</u>**

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) ഇവിടെ ഉന്നയിച്ചത് നമ്മുടെ വടക്കൻ ജില്ലയായ കാസർഗോഡ് ജില്ലയുടെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. കാസർഗോഡിന്റെ പല പ്രശ്നങ്ങൾക്കും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നുള്ള പരാതി എന്നും ഉയർന്നിട്ടുണ്ട്. ഡോ. പി. പ്രഭാകരൻ ഇവിടത്തെ ചീഫ് സെക്രട്ടറിയായിരുന്നു. കൂടാതെ അദ്ദേഹം കാസർഗോഡ് കളക്ടറുമായിരുന്നു. കാസർഗോഡിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണം, അതിനെക്കുറിച്ച് പഠിക്കണം എന്നുള്ള നിർദ്ദേശം വന്നപ്പോൾ അദ്ദേഹത്തെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന് ആ പ്രദേശത്തിന്റെ കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാം. ശ്രീ. പ്രഭാകരൻ വളരെ ചുരുങ്ങിയ സമയംകൊണ്ട് ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വിശദമായ ഒരു റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്. ആ റിപ്പോർട്ട് ലഭിച്ച ഉടൻത്തന്നെ അതിലെ എല്ലാ ശുപാർശകളും എങ്ങനെ, എപ്പോഴൊക്കെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് അറിയുന്നതിനായി പ്ലാനിംഗ് ബോർഡിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഇപ്പോൾ പ്ലാനിംഗ് ബോർഡിന്റെ വ്യൂസ് ലഭിക്കാനായി കാത്തിരിക്കുകയാണ്. അത് ലഭിച്ചാലുടൻത്തന്നെ തുടർ നടപടികൾ സ്വീകരിക്കും. നിശ്ചയമായും ബഡ്ജറ്റിൽ കാസർഗോഡിന്റെ വികസന പദ്ധതികൾക്ക് സ്ഥാനമുണ്ടാകും എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## ആൾട്ടർനേറ്റീവ് സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി.കെ. ബഷീർ: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 420 ബദൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഈ സഭയുടെയും മുന്നിൽ ഉന്നയിക്കുന്നത്. 3,000 രൂപയാണ് അവിടത്തെ അദ്ധ്യാപകർക്ക് മൂന്ന് വർഷമായി നൽകുന്നത്. നേരേമറിച്ച് ആ സ്ഥാപനത്തിലെ പാചകക്കാരിക്ക് 4,500 രൂപയാണ് നൽകുന്നത്. ഇന്നത്തെ ജീവിത സാഹചര്യത്തിൽ 3,000 രൂപ എന്നുപറയുന്നത് വളരെ തുച്ഛമായ തുകയാണ്. സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുമ്പോൾ ആദിവാസികൾക്കും മറ്റ് പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നില്ല. ആയതിനാൽ അവർക്ക് യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപേലെ ബദൽ സ്കൂളുകളെ എൽ.പി. സ്കൂളുകളാക്കുമ്പോൾ അവിടെയുള്ള അദ്ധ്യാപകരെ അവിടെതന്നെ സ്ഥിരം ജീവനക്കാരായി നിയമിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

## ആൾട്ടർനേറ്റീവ് സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, ആദിവാസികൾ, മത്സ്യബന്ധന തൊഴിലാളികൾ, മറ്റ് അവശ വിഭാഗങ്ങൾ എന്നിവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ഡി.പി.ഇ.പി.യുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ ആവഷ്ക്കരിച്ചതാണ് ബദൽ വിദ്യാലയങ്ങൽ, അഥവാ ആർട്ടർനേറ്റീവ് സ്കൂളുകൾ. ഡി.പി.

ഇ.പി.ക്ക് ശേഷം സർവ്വശിക്ഷ അഭിയാന്റെ നേതൃത്വത്തിലാണ് 2010 മാർച്ച് മാസം വരെ ബദൽ വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നത്. എന്നാൽ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സ്കൂളുകൾക്കുള്ള ധനസഹായം സർവ്വശിക്ഷാ അഭിയാൻ നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും 2012 ഏപ്രിൽ മാസം മുതൽ കേരളസർക്കാർ ഈ സ്ഥാപനങ്ങൾ തുടരുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2012-13 വർഷത്തിൽ കേരള സർക്കാർ മൂന്നരക്കോടി രൂപയാണ് ബദൽ വിദ്യാലയങ്ങൾക്കായി നീക്കി വച്ചിരുന്നത്. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ബദൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് റിസോഴ്സ് സെന്റർ മുഖേന നൽകിയിരുന്നു. എന്നാൽ ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ പരിശീലന പരിപാടികൾ ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. എങ്കിലും 2012-13 വർഷത്തിൽ ബദൽ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും തുടർന്നും നൽകുന്നുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തമായി ഭൂമിയും കെട്ടിടങ്ങളുമുള്ള ബദൽ വിദ്യാലയങ്ങളെ ലോവർ പ്രൈമറി സ്കൂളുകളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എസ്.എസ്.എ.യുടെ 2010-11-ലെ റിപ്പോർട്ട് പ്രകാരം 365 ബദൽ വിദ്യാലയങ്ങളിലായി 421 അദ്ധ്യാപകരും 8472 വിദ്യാർത്ഥികളുമാണുള്ളത് ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളെ ഒരു ക്ലാസ് മുറിയിലിരുത്തി പഠിപ്പിക്കുന്ന രീതിയാണ് ബദൽ സ്കൂളുകളിലുള്ളത് ബദ

ൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻ അഥവാ അദ്ധ്യാപിക എഡ്യൂക്കേഷൻ വോളന്റിയർ എന്നറിയപ്പെടുന്നു. പ്രതിമാസം ഓണറേറിയമായി 3,000 രൂപയും ഹിൽ ട്രാക്ട് അലവൻസായി 500 രൂപയും ഇവർക്ക് നൽകുന്നുണ്ട്. ബദൽ സ്കൂളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലാണ്. 2012-13 വർഷത്തെ ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള ഓണറേറിയവും ഫെസ്റ്റിവൽ അലവൻസും നൂൺ മീൽ അക്കൗണ്ട് വഴി എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയച്ചുകൊടുത്തിരുന്നു. 2012-13 വർഷത്തിൽ കേരളത്തിലെ കോട്ടയവും ആലപ്പുഴയും ഒഴികെയുള്ള ജില്ലകളിൽ ബദൽ വിദ്യാലയങ്ങൾക്കായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെയും ഒരു ബദൽ വിദ്യാലയവും സർക്കാർ അടച്ച് പൂട്ടിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.സി. നം 34006/11-ന്റെ 3-1-2012-ലെ ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ കേരള ഗവൺമെന്റിന്റെ 25-4-2012-ലെ ജി.ഒ.ആർ.ടി. 1934/2012-ലെ പൊതു വിദ്യാഭ്യാസ ഉത്തരവ് പ്രകാരം ബദൽ വിദ്യാലയങ്ങൾ സർക്കാർ സ്കൂളുകളാക്കുമ്പോൾ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും പ്രവൃത്തി പരിചയത്തിന്റേയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ പ്രൈമറി തലം ഉൾപ്പെടെയുള്ള ഒഴിവുകളിലേയ്ക്ക് പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ആർ.എം.എസ്.എ പ്രകാരം അപ്ഗ്രേഡ് ചെയ്ത ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പലതവണ പറഞ്ഞ കാര്യം ഇതുവരെ നടപ്പിൽ വരാത്തതുകൊണ്ട് ആവർത്തിക്കുകയാണ്. ആർ.എം.എസ്.എ പദ്ധതി പ്രകാരം സംസ്ഥാനത്തെ 60 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ട് മൂന്ന് വർഷം കഴിഞ്ഞു. അവിടത്തെ വിദ്യാർത്ഥികളും എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ടവരാണ്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആദിവാസി-ദളിത്-മത്സ്യ ത്തൊഴിലാളി-ന്യൂനപക്ഷ മേഖലകളിലാണ് ഇത്തരം വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്തത്. എന്നാൽ നാളിതുവരെയായും ഇത്തരം സ്കൂളു കൾക്ക് കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കൂടാതെ മൂന്ന് വർഷക്കാലം ഇംഗ്ലീഷ് പഠിക്കാതെ ഇവിടത്തെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ട ദുരവസ്ഥയിലാണ്. ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുന്നതിൽ കേരള സർക്കാർ വലിയ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ ആർ.എം.എസ്.എ. വിദ്യാലയങ്ങളിലെ പി.ടി.എ. പ്രസിഡന്റുമാർ ഈ വിഷയത്തിന് കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാന പ്പെട്ട കോടതി എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുവാൻ ഗവൺമെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയെങ്കിലും ഇംഗ്ലീഷ് അദ്ധ്യാപ കരെ പ്രസ്തുത തസ്തിയിൽ നിയമിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരി ക്കണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്.

## ആർ.എം.എസ്.എ പ്രകാരം അപ്ഗ്രേഡ് ചെയ്ത ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ആർ.എം.എസ്.എ. പ്രകാരം ഹൈസ്ക്കൂളുകളാക്കിയ 60 സ്കൂളുകളിൽ രണ്ട് ഭാഷാധ്യാപകരും മൂന്ന് വിഷയാധ്യാപകരുമെന്ന ക്രമത്തിൽ മൊത്തം അഞ്ച് അദ്ധ്യാപക തസ്തികകളാണ് എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. ഈ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ അദ്ധ്യപകരുടേതുൾപ്പെടെയുള്ള അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കെട്ടിട നിർമ്മാണത്തിനായി 88.12 ലക്ഷം രൂപ എന്ന ക്രമത്തിൽ ഓരോ ആർ.എം.എസ്.എ. സ്കൂളിനും വകയിരുത്തിയിട്ടുണ്ട്. അതിൽ 20 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എം.എച്ച്.ആർ.ഡി. യുടെ മാനദണ്ഡപ്രകാരമുള്ള ഈ നിർമ്മാണം ഇന്നത്തെ നിലയക്ക് പൂർത്തിയാക്കാൻ ഏകദേശം 90 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. അധിക ബാദ്ധ്യത സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ വഹിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവർ ചേർന്ന് ഒരു ഇന്റേണൽ മീറ്റിംഗ് നടത്തി ഒരു കോർ കമ്മിറ്റി രൂപീകരിക്കുകയും കെട്ടിട നിർമ്മാണത്തിനാവശ്യമായ ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് മേൽ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഈ മേഖലയിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## ചേർത്തല പോളിടെക്നിക്

ശ്രീ. പി. തിലോത്തമൻ: ആലപ്പുഴ ജില്ലയിലെ നോഡൽ പോളിടെക്നിക് ആണ് ചേർത്തല പോളിടെക്നിക്. ഇതൊരു നോഡൽ പോളിടെക്നിക് ആണെങ്കിലും അപ്രധാനമായ മൂന്ന് ബ്രാഞ്ചുകൾ മാത്രമേ ഇപ്പോൾ അവിടെ നിലവിലുള്ളൂ. സാധാരണ നോഡൽ പോളിടെക്നിക്കുകളിൽ അഞ്ച് ബ്രാഞ്ചുകൾ ഉണ്ടാകാറുണ്ടെങ്കിലും ചേർത്തലയിൽ ഇപ്പോഴും മൂന്ന് ബ്രാഞ്ചുകൾ മാത്രമേയുള്ളൂ. ഈ സാഹചര്യത്തിൽ അവിടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതുതായി അഞ്ച് ബ്രാഞ്ചുകൾ കൂടി ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ സഭയിൽ പലപ്രാവശ്യം സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചേർത്തലയിലടക്കം മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സിനുവേണ്ടി ഓരോ വർഷവും അയ്യായിരത്തിലധികംപേർ അപേക്ഷിക്കാറുണ്ട്. എന്നാൽ സ്വകാര്യ മേഖലയിലുള്ള .പോളിടെക്നിക്കുകളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് അൻപത് സീറ്റുകൾ മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നതുകൊണ്ട് എല്ലാവരും നിരാശരായി മടങ്ങുകയാണ് ചെയ്യുന്നത്. ചേർത്തലയിലാണെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതിന് ഭൗതിക അടിത്തറയുണ്ട്. ജൂനിയർ പോളിടെക്നിക്ക് ആയിരുന്നപ്പോൾ ഉണ്ടായിരുന്ന ലബോറട്ടറിയും മറ്റ് സൗകര്യങ്ങളും ഇതിനായി പ്രയോജനപ്പെടുത്താം. അതോടൊപ്പം തന്നെ കമ്പ്യൂട്ടർ ഹാർഡ്വെയർ സംവിധാനങ്ങളും പുതിയ ബ്ലോക്ക് നിർമ്മാണവുമെല്ലാം ഈ കോഴ്സ് ആരംഭിക്കുന്നതിന് വളരെ സഹായകരമായിരിക്കും.

ഇതെല്ലാം പരിഗണിച്ചുകൊണ്ട് അടുത്ത വർഷം മുതൽ മെക്കാനിക്കൽ– കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

**<u>ചേർത്തല പോളിടെക്നിക്</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള കോഴ്സുകൾ തുടങ്ങണമെന്നുള്ള കാര്യത്തോട് സർക്കാരിന് തത്വത്തിൽ യോജിപ്പാണുള്ളത്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുന്നതോ ടൊപ്പം എ.ഐ.സി.ടി.ഇ.യുടെ അംഗീകാരവും ആവശ്യമാണ്. മുമ്പ് നിലവിലു ണ്ടായിരുന്ന ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്ത് ആരംഭിച്ചതാണ് ചേർത്തലയിലെ ഗവൺമെന്റ് പോളിടെക്നിക് കോളേജ്. ഇവിടെ പുതുതായി തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള മെക്കാനിക്കൽ ബ്രാഞ്ചിനാവശ്യമായ വർക്ക്ഷോപ്പും കമ്പ്യൂട്ടർ ബ്രാഞ്ചിനാവശ്യമായ കമ്പ്യൂട്ടർ സോഫ്ട്വെയർ ലാബും ഇവിടെ ലഭ്യമാണെന്നും അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് കോഴ്സുകൾ ആരംഭിക്കാൻ കഴിയുമെന്നും ടെക്നിക്കൽ എഡ്യൂ ക്കേഷൻ ഡയറക്ടർ മുമ്പുതന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനി ക്കൽ - കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീ കാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.ഐ.സി.ടി.ഇ.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിച്ചാലുടൻത്തന്നെ

പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കള്ളനോട്ടടിയും വിതരണവും നടന്നുവരികയാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് അത് ഏറ്റവും കൂടുതലായി കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട ഒരുപാട് കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഉറവിടം ഇതുവരെ കണ്ടെത്താനോ ഇല്ലായ്മ ചെയ്യാനോ കഴിഞ്ഞിട്ടില്ല എന്നുള്ളത് വസ്തുതയാണ്. കാസർഗോഡ് ജില്ലയിൽ ഇത്തരത്തിലുള്ള എത്രയോ കേസ്സുകൾ ഉണ്ടായിട്ടുണ്ട്. ഈ അടുത്തകാലത്തായി ഒരാൾ അൻപത് ലക്ഷം രൂപ സ്റ്റേറ്റ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയും മറ്റൊരു ബാങ്ക് ആ നോട്ടുകെട്ടുകൾ വിത്ത്ഡ്രോ ചെയ്യുകയും ചെയ്തു. ആ നോട്ടുകെട്ടുകൾ നാട്ടുകാർക്ക് വിതരണം ചെയ്യുമ്പോഴാണ് അത് കള്ളനോട്ടുകളാണെന്ന് അറിയുന്നത്. ഇതിന്റെ പേരിൽ പോലീസ് കസ്റ്റഡിയിലെടുക്കുന്നതും കേസ് രജിസ്റ്റർ ചെയ്യുന്നതും ഈ നാട്ടിലെ പാവങ്ങളെയാണ്. ഇവർക്ക് ഇതിൽ യാതൊരു ബന്ധവുമില്ല. ഈ കള്ളനോട്ടിന്റെ ഉറവിടം കണ്ടുപിടിച്ച് എവിടെയാണ് കള്ളനോട്ടടിക്കുന്നതെന്ന കാര്യം മനസ്സിലാക്കി കുറ്റവാളികളെ കണ്ടെത്തി കേസെടുക്കുന്നതിനു പകരം, കേരളത്തിലെ സാധാരണക്കാരുടെയും കൂലിപ്പണിക്കാരുടെയും പേരിലാണ് കേസെടുക്കുന്നത്. ഇത്തരം കുറ്റകൃത്യങ്ങൾ ഇല്ലായ്മ ചെയ്യാനും ഇതിന്റെ ഉറവിടം കണ്ടുപിടിച്ച് കേസെടുക്കാനുമുള്ള നടപടി സ്വീകരിക്കുമോ? കണ്ണൂർ ജില്ലയിൽ അത്തരത്തിലൊരു അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ഇത്തരം പ്രശ്നത്തെപ്പറ്റി കേന്ദ്ര ഏജൻസി

യെക്കൊണ്ട് അന്വേഷിപ്പിച്ച് ഇല്ലായ്മ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിതുപോലെ കള്ളനോട്ട് കൈവശം വയ്ക്കുന്നതും കൈമാറ്റം ചെയ്യുന്നതും ഒഫൻസാണ്. ഒഫൻസ് ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കള്ളനോട്ട് കേസുമായി ബന്ധപ്പെട്ട് ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 777/2012 u/s 489 (ബി), 489(സി), 420-ഐ.പി.സി. അനുസരിച്ച് ഒരു കേസെടുത്തിട്ടുണ്ട്. ആ കേസിൽ ഏതാണ്ട് അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്വർണ്ണാഭരണങ്ങൾ വാങ്ങാനായി നൽകിയ ആയിരം രൂപയുടെ നൂറ്റിയെൺപത് വ്യാജനോട്ടുകൾ അവരുടെ കയ്യിൽ നിന്ന് കിട്ടിയിട്ടുണ്ട്. ആയിരം രൂപയുടെയും അഞ്ഞൂറ് രൂപയുടെയുമായി മൊത്തം 2,29,000 രൂപയുടെ വ്യാജ കറൻസി അവരുടെ കയ്യിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ട്. കള്ളനോട്ടുകേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത ആളുകളുടെ കയ്യിൽ നിന്ന് രണ്ടുലക്ഷത്തിലധികം തുക കണ്ടെടുത്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത അഞ്ച് പ്രതികളിൽ നാല് പേർ ഇപ്പോൾ ജാമ്യത്തിലും ഒരാൾ കസ്റ്റഡിയിലുമാണ്. ഈ കേസ് ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്നു. ഇതുസംബന്ധിച്ച് ചെന്തേര പോലീസ് സ്റ്റേഷനിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജകറൻസി നോട്ട് കൈമാറിയതിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 489(ബി), 489(സി) എന്നീ വകുപ്പുകൾ പ്രകാരം ഷെറീഫ് എന്നൊരാളിനെ പ്രതിയാക്കി ചെന്തേര പോലീസ് സ്റ്റേഷ

നിൽ ക്രൈം നമ്പർ 597/2012 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുവത്തൂരിലെ ഒരു ജൂവലറിയിൽ ആയിരം രൂപയുടെ അൻപത്തിരണ്ട് വ്യാജകറൻസി നോട്ടുകൾ കൊടുത്ത് ആഭരണം വാങ്ങിയതിന് അബ്ദുൾ ജബ്ബാറിനെ പ്രതിയാക്കി ചെന്തേര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 599/2012 ആയി കേസെടുത്തിട്ടുണ്ട്. ചെറുവത്തൂരിലെ മറ്റൊരു സ്വർണ്ണാഭരണ കടയിലെ ആയിരം രൂപയുടെ അൻപത്തിയേഴ് വ്യാജകറൻസി നോട്ടുകൾ നൽകി ആഭരണം വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 600/2012 ആയി 489(ബി), 489(സി) വകുപ്പുപ്രകാരം ചെന്തേര പോലീസ് സ്റ്റേഷനിൽ തന്നെ മറ്റൊരു കേസും എടുത്തിട്ടുണ്ട്. ഈ നാല് കേസുകളും ക്രൈംബ്രാഞ്ച് അന്വേഷിച്ചു വരികയാണ്. ഇപ്പോൾ ഗൾഫിൽ താമസിക്കുന്ന മൊഹിയുദ്ദീൻ എന്നയാൾ 31 ലക്ഷം രൂപയുടെ വ്യാജകറൻസിനോട്ടുകൾ കൈമാറിയതായും കർണ്ണാടക ഉടുപ്പി സ്വദേശിയായ ചേത്തൻകുമാർ എന്നയാൾ വശം കൈമാറ്റം നടന്നതായും അറിവായിട്ടുണ്ട്. ഇപ്പോൾ ദുബായിൽ താമസിക്കുന്ന അബ്ദുള്ള ഹാജി എന്നയാൾ ഇതിനുപിന്നിലുണ്ടെന്ന പോലീസ് റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നത്. പാക്കിസ്ഥാനിൽ പ്രിൻറ് ചെയ്ത വ്യാജ ഇന്ത്യൻ കറൻസി നോട്ടുകൾ മറ്റൊരു രാജ്യംവഴി വരുന്നുവെന്നാണ് സംശയിക്കുന്നത്. അബ്ദുള്ള ഹാജി ഗൾഫിലായതിനാൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ കേസുകളുടെ ഇൻവെസ്റ്റിഗേഷൻ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ സംസ്ഥാന പോലീസ് മേധാവി ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ഇത് നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി ഏറ്റെടുക്കേണ്ട കേസാണോ അല്ലയോ എന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ഈ ആക്ടിലെ വകുപ്പ്

**6(3)** പ്രകാരവും കേന്ദ്രസർക്കാരാണ്. സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ കേസുകൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്ക് നൽകുന്നതിനുവേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആദിവാസി യുവതിയെ കയ്യേറ്റം ചെയ്ത സംഭവം**

ശ്രീ. ഇ.കെ. വിജയൻ: സർ, നാദാപുരത്തെ വിലങ്ങാട് അടുപ്പിൽ കോളനിയിലെ ആദിവാസി സ്ത്രീയെ കയ്യേറ്റത്തിൽ നിന്ന് രക്ഷിച്ച ഡി.വൈ. എഫ്.ഐ. പ്രവർത്തകർ ഏതാനും ക്രിമിനലുകളുടെ മർദ്ദനമേറ്റ് ഇന്നലെ ആശുപത്രിയിലായിരിക്കുകയാണ്. ആദിവാസി സ്ത്രീകൾക്കുനേരെയുള്ള കയ്യേറ്റങ്ങൾക്കെതിരെ ജാഗ്രതയുണ്ടാവണമെന്നും കയ്യേറ്റം ചെറുക്കാൻ ശ്രമിക്കുന്നവർക്ക് പിന്തുണയുണ്ടാവണമെന്നും ആവശ്യപ്പെടുകയാണ്. സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സഹായകരമായ തരത്തിൽ പോലീസും യുവജനസംഘടനകളും ചേർന്ന് കോളനി അടിസ്ഥാനത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

**ആദിവാസി യുവതിയെ കയ്യേറ്റം ചെയ്ത സംഭവം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 18-12-2012-ന് വൈകുന്നേരം അഞ്ചര മണിയോടുകൂടി കോഴിക്കോട് വളയം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള അടുപ്പിൽ ആദിവാസി കോളനിയിലെ ഇരുപത്തിയാറ് വയസ്സുള്ള സ്ത്രീ ജോലി കഴിഞ്ഞ് വരുന്ന വഴി കമ്പിളിപ്പാറയിലെത്തിയപ്പോൾ ജ്യോതി എന്നയാൾ ഒരു മോട്ടോർ സൈക്കിളിൽ വന്ന് ടി സ്ത്രീയെ പിടിച്ചുവലിച്ച് കയ്യിൽകോരിയെടുത്ത് അടുത്തുള്ള കുറ്റിക്കാട്ടിൽ കൊണ്ടുപോയി മാക്സി വലിച്ചുകീറി

മാനഭംഗപ്പെടുത്താൻ ശ്രമിക്കവേ ടി സ്ത്രീയുടെ കൂടെയുണ്ടായിരുന്ന സുശീല എന്ന സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചു. ആളുകൾ ഓടിക്കൂടിയപ്പോൾ അക്രമികൾ ഓടി രക്ഷപ്പെട്ടു. ഈ സമയം അവിടെ എത്തിയ സുബീൻ, സതീശ്, റോബിൻ എന്നിവർ ചേർന്ന് അക്രമത്തിനിരയായ സ്ത്രീയെ വീട്ടിലെത്തിച്ചു. ഈ സംഭവത്തെത്തുടർന്ന് നാദാപുരം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയ ടി സ്ത്രീയുടെ മൊഴി രേഖപ്പെടുത്തി. ഇന്ത്യൻ ശിക്ഷാനിയമം 354, എസ്.സി./എസ്.ടി. ആക്ട് അനുസരിച്ച് 319 എന്നീ വകുപ്പുപ്രകാരം ക്രൈം നമ്പർ 426/2012 ആയി വളയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തിൽ ഇടപെട്ടതിലുള്ള വിരോധത്താൽ മേൽപ്പറഞ്ഞ സുബിനെയും കൂടെയുണ്ടായിരുന്ന അനന്തൻ, സതീഷ്, റോബിൻ എന്നിവരേയും 19-12-2012 വൈകിട്ട് ആറ് മണിയോടെ വിലങ്ങാട് എന്ന സ്ഥലത്തുവച്ച് മേൽപ്പറഞ്ഞ ജ്യോതി, സത്യൻ, ഭരതൻ തുടങ്ങി ഒൻപത് പേരും മറ്റ് കണ്ടാൽ അറിയാവുന്ന പത്തോളം പേരും ചേർന്ന് ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും പട്ടികവടിയും കല്ലുംകൊണ്ട് ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. സുബിനും മറ്റ് മൂന്നുപേരും നാദാപുരം ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടി. ഇക്കാര്യത്തിന് ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 341, 323, 324, 149 എസ്.സി./എസ്.ടി. ആക്ട് 3(1)(10) എന്നീ വകുപ്പുപ്രകാരം ക്രൈം 427/2012 ആയി വളയം പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് കേസ്സുകളും വടകര ഡിവൈ. എസ്.പി. അന്വേഷിച്ചുവരുന്നു. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടക്കുകയാണ്. ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശക്തമായ നടപടിയെടുക്കണമെന്ന് നിർദ്ദേശം

കൊടുത്തിട്ടുണ്ട്. നിശ്ചയമായും ഗവൺമെന്റ് വളരെ ശക്തമായ രൂപത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇന്നലെ നിയമസഭയിൽ ഉന്നയിച്ചതുപോലെ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ നല്ലപേരിന് ഒരിക്കലും ഗുണകരമല്ല. അതുണ്ടാകാതിരക്കാൻ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ഡബ്ല്യൂ.ഐ.ടി.(വിമെൻ ഇൻവെസ്റ്റിഗേഷൻ ടീം)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## <u>വെട്ടം കുടിവെള്ള പദ്ധതി</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അതിരൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വെട്ടം കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയാണ് എന്റെ ഈ സബ്മിഷൻ. കടലോര മേഖലയിലുള്ള വെട്ടം പഞ്ചായത്തിലേയും തൊട്ടടുത്ത് കിടക്കുന്ന തലക്കാട്, വളവന്നൂർ, കൽപ്പകഞ്ചേരി എന്നീ പഞ്ചായത്തുകളിലേയും പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന ഒരു പദ്ധതിയാണ് വെട്ടം കുടിവെള്ള പദ്ധതി. ചമ്രവട്ടം പുഴയിൽനിന്ന് ലഭിക്കുന്ന സുലഭമായ വെള്ളമുപയോഗിച്ച് നടത്തുന്ന പദ്ധതിയുടെ സർവ്വേ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ നടത്തി സമഗ്രമായ ഡി. പി. ആർ. ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ കോടിക്കണക്കിന് രൂപ വില വരുന്ന സ്ഥലം ജനങ്ങൾ പിരിവെടുത്ത് വാങ്ങി സൗജന്യമായി ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഇനി ആ പദ്ധതി തീരുമാനിച്ചാൽ നാളെ മുതൽ പണി തുടങ്ങാൻ സാധിക്കും. ജനങ്ങൾ അത്രയും റെഡിയാക്കി നൽകിയിട്ടുണ്ട്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായ സത്വര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

## വെട്ടം കുടിവെള്ള പദ്ധതി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചമ്രവട്ടം റെഗുലേറ്ററിൽ നിന്നും സുലഭമായ ജലം പൈപ്പുകൾ വഴി കടുങ്ങത്തുകണ്ട് എത്തിച്ച് അവിടെ നിന്നും വെട്ടം, തലക്കാട്, വളവന്നൂർ, കൽപ്പകഞ്ചേരി, താനൂർ, താനാളൂർ, നിറമരുതൂർ, ചെറിയമുണ്ടം, പൊൻമുണ്ടം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 78.4 കോടി രൂപയുടെ ഒരു എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായിട്ടില്ല. 14-11-2012-ൽ ബഹുമാനപ്പെട്ട എം. എൽ. എ.യുടേയും വാട്ടർ അതോറിറ്റി എം. ഡി. യുടേയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തി അതിന്റെ അടിസ്ഥാനത്തിൽ വെട്ടം, കൽപ്പകഞ്ചേരി, വളവന്നൂർ, തലക്കാട് എന്നീ പഞ്ചായത്തുകൾ മാത്രം ഉൾപ്പെടുത്തി പ്രോജക്ട് റിവൈസ് ചെയ്ത് നൽകാൻ സർക്കാർ തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിന് ഏകദേശം 72 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് കേന്ദ്രീകരിച്ച് ആർക്കിടെക്ച്ചറൽ വിഭാഗം

ശ്രീ. കെ. ദാസൻ: സർ, സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ആർക്കിടെക്ച്ചറൽ വിംഗ് ഇപ്പോൾ തിരുവനന്തപുരത്ത് മാത്രമാണ് പ്രവർത്തി

ക്കുന്നത്. സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പാലങ്ങൾ, കെട്ടിടങ്ങൾ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ ഡ്രായിംഗ്, ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയെല്ലാം തയ്യാറാക്കുന്നത് തിരുവനന്തപുരത്തുള്ള ഓഫീസിൽ വച്ചാണ്. മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മിക്കവാറും എം. എൽ. എ. മാരും സ്കൂൾ കെട്ടിടവും മറ്റ് സർക്കാർ ഓഫീസ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിനാണ് ഇപ്പോൾ പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. കൊയിലാണ്ടി മണ്ഡലത്തിൽത്തന്നെ ഏഴോളം പാലങ്ങൾ ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കാനുണ്ട്. താലൂക്ക് ആശുപത്രിയുടെ ഡിസൈൻ പൂർത്തിയായിട്ടില്ല. ഇതൊക്കെ ആർക്കിടെക്ച്ചറൽ വിംഗിലെ ഉദ്യോഗസ്ഥന്മാരുടെ കുഴപ്പം കൊണ്ടാണെന്ന് എനിക്ക് അഭിപ്രായമില്ല. അവിടെയുള്ള ജോലിഭാരം കൊണ്ടാണ്. അതുകൊണ്ട് കോഴിക്കോട് കേന്ദ്രീകരിച്ച് പുതുതായി ഒരു ആർക്കിടെക്ച്ചറൽ വിംഗ് ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

**കോഴിക്കോട് കേന്ദ്രീകരിച്ച് ആർക്കിടെക്ച്ചറൽ വിഭാഗം**

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ട്രക്ച്ചറൽ ഡിസൈൻ വിഭാഗം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അവിടെ ജോലിഭാരം കൂടുതലാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഇപ്പോഴുള്ള ആളുകളെ പുനർവിന്യസിപ്പിച്ച് ഒരു ഓഫീസ് കോഴിക്കോട് തുടങ്ങുന്നതിന് ബുദ്ധിമുട്ടുണ്ട്. പക്ഷേ കോഴിക്കോടും എറണാകുളത്തും രണ്ട് മേഖലാ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കാം.

## ഇരിണാവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ ഇരിണാവ് പാലത്തിന് 14-07-2009-ൽ 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതാണ്. എന്നാൽ സൗജന്യമായി ഭൂമി ലഭ്യമാകാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ സൈറ്റ് ബഹുമാനപ്പെട്ട മന്ത്രി സന്ദർശിക്കുകയും അഡ്വാൻസ് പൊസിഷനിൽ ഭൂമി ലഭ്യമാക്കാൻ എം. എൽ. എ. മുൻകൈ എടുത്താൽ സ്ഥലത്തിന് മതിയായ പ്രതിഫലം പിന്നീട് നൽകാമെന്നും അതിനുവേണ്ടി സ്ഥലം ഉടമയുടെ സമ്മതപത്രം എത്രയും വേഗം ലഭ്യമാക്കണമെന്നും മന്ത്രി ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരം സമ്മതപത്രം പൊതുമരാമത്ത് വകുപ്പിന് അയച്ചുകൊടുത്തു. എന്നാൽ ഇപ്പോൾ റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കാനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ട് ആ പ്രൊപ്പോസൽ തിരിച്ചയച്ചിരിക്കുകയാണ്. 3 ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന മാട്ടൂർ പ്രദേശത്തെ ജനങ്ങളുടെ ചിരകാല അഭിലാഷമായ മാട്ടൂർ-മടക്കര പാലം അതിന്റെ അവസാന ഘട്ടത്തിലാണ്. മാട്ടൂർ നിവാസികൾക്ക് കണ്ണൂരിൽ എത്തിച്ചേരണമെങ്കിൽ ഇപ്പോൾ 42 കിലോമീറ്റർ സഞ്ചരിക്കണം. എന്നാൽ ഈ പാലം വന്നുകഴിഞ്ഞാൽ 23 കിലോമീറ്റർ അവർക്ക് ലാഭം കിട്ടും. നിർദ്ദിഷ്ട മടക്കര പാലത്തിന്റെ പ്രയോജനം മാട്ടൂർ നിവാസികൾക്ക് ലഭിക്കണമെങ്കിൽ ഇരിണാവ് പാലം യാഥാർത്ഥ്യമാകേണ്ടതായിട്ടുണ്ട്. ഇപ്പോൾ അവിടെ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള റഗുലേറ്റർ കം ബ്രിഡ്ജാണ് പാലമായി ഉപയോഗിക്കുന്നത്. ഇത് കാലപ്പഴക്കമുള്ളതും ഏത്

നിമിഷവും തകർന്ന് വീഴാൻ ഇടയുള്ളതുമാണ്. അതിലൂടെ വാഹനങ്ങൾ കടത്തിവിടാൻ പാടില്ലെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഈ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അടിയന്തിര പ്രാധാന്യത്തോടുകൂടി ഈ പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

**ഇരിണാവ് പാലത്തിന്റെ നിർമ്മാണം**

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. സ്ഥലം കിട്ടുന്നതിനുവേണ്ടി പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇറിഗേഷൻ വകുപ്പിന്റെ ഒരു സ്ഥലം കിട്ടാനുണ്ട്. ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വേണ്ടിവന്നാൽ മന്ത്രിതല യോഗം വിളിച്ചുകൂട്ടി ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കാം സ്ഥലം കിട്ടിക്കഴിഞ്ഞാൽ ഈ പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

**കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി ഉയർത്തൽ**

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കളമശ്ശേരി കിൻഫ്രാ പാർക്കിന് എതിർവശം 60.5 ഏക്കർ ഭൂമിയിൽ കണ്ണായ സ്ഥലത്താണ് ഈ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. അവിടെ ചില മരണങ്ങളുണ്ടാകുകയും അതു സംബന്ധിച്ച് ധാരാളം വിവാദങ്ങളുണ്ടാകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ ക്വാളിറ്റിയെ സംബന്ധിച്ച് കഴിഞ്ഞ കുറെ നാളുകളായി ധാരാളം ചർച്ചകൾ നടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്ന നിയമനങ്ങളെല്ലാം വിവാദത്തിലാണ്. സർക്കാർ ഇത് ഏറ്റെടുക്കുകയാ

ണെങ്കിൽ യാതൊരുവിധ ഫിനാൻഷ്യൽ കമ്മിറ്റ്മെന്റും സാമ്പത്തിക ബാദ്ധ്യ തയും ഉണ്ടാകില്ലെന്നുള്ളത് ശ്രദ്ധേയമാണ്. 7 ഡയാലിസിസ് യൂണിറ്റുക ളുള്ളതിൽ ഒന്നുപോലും ഇന്ന് പ്രവർത്തിക്കാത്ത അവസ്ഥയിലാണ്. എറണാ കുളത്ത് ഒരു മെഡിക്കൽ കോളേജ് ഇല്ലാത്ത സാഹചര്യത്തിലും സാധാരണ ക്കാരായ ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന ഒരു സഹകരണ മെഡിക്കൽ കോളേജ് എന്നുള്ള രീതിയിലും ഭാവിയിലേയ്ക്കുള്ള പുരോ ഗതിക്കുമായി ഇതിനെ ഒരു സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താൻ വേണ്ട നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. ഇവിടെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരില്ല. CAPE-ന് എൻജിനീയറിംഗ് കോളേജു കൾ നടത്തി ശീലമുണ്ടെങ്കിലും മെഡിക്കൽ കോളേജ് പോലെ ഒരു സംവി ധാനം ഏറ്റെടുത്ത് നടത്താൻ സാധിക്കുന്നില്ലെന്നാണ് കാണുന്നത്. ആശുപ ത്രിയുടെ കാമ്പസ്സിൽത്തന്നെ പൈനാപ്പിൾ കൃഷി നടത്താൻ സ്ഥലം കൊടു ത്തിരുന്നു. 3 വർഷത്തിനുള്ളിൽ ഏറ്റെടുത്ത ആൾ പൈനാപ്പിൾ കൃഷി നടത്തി ധാരാളം ലാഭമുണ്ടാക്കി തിരിച്ചുപ്പോയി. ഇപ്പോഴും ആ കൃഷി സ്ഥലം അതുപോലെതന്നെ കിടക്കുകയാണ്, അതിന്റെ അവശിഷ്ടങ്ങൾ മാറ്റിയിട്ടില്ല. ഇതുപോലെയുള്ള നിരവധി പ്രശ്നങ്ങൾ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈ സ്ഥാപ നത്തിന്റെ വികസനം എറണാകുളത്തെ എല്ലാ എം. എൽ. എ. മാരുടെയും ഒരു പൊതു ആവശ്യമായതിനാലാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

## കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി ഉയർത്തൽ

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 1955-ലെ 12-ാം തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1991 ഏപ്രിൽ മാസം 7-ാം തീയതി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE). CAPE- ന്റെ കീഴിൽ 7 എൻജിനീയറിംഗ് കോളേജുകളും ഒരു മാനേജ്മെന്റ് കോളേജും ഒരു ഫിനിഷിംഗ് കോളേജും സാഗര ആശുപത്രിയും കളമശ്ശേരിയിൽ കൊച്ചിൻ മെഡിക്കൽ കോളേജും പ്രവർത്തിച്ചുവരുന്നു. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് കേപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. എറണാകുളം ജില്ലയിൽ സർക്കാരിന്റെ കീഴിൽ മെഡിക്കൽ കോളേജുകളൊന്നും നിലവിലില്ലാത്തതിനാൽ സർക്കാർ ഏറ്റെടുത്താൽ ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് കരുതുന്നു. എന്നാൽ ഇത് സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമൊന്നും സർക്കാർ എടുത്തിട്ടില്ല. ആയതു സംബന്ധിച്ച് വിശദമായി പരിശോധിച്ച് വരികയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ മണ്ഡലത്തിലാണ് ഈ ഹോസ്പിറ്റൽ സ്ഥിതിചെയ്യുന്നത്. അതുപോലെ എറണാകുളം ജില്ലയിലെ മിക്കവാറും എം. എൽ. എ. മാരെല്ലാംതന്നെ ഭാവി പ്രവർത്തനത്തെ ആസ്പദമാക്കി ഈ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇക്കാര്യം എറണാകുളം ജില്ലയിലെ എം. എൽ. എ. മാരെല്ലാം കുറെ നാളുകളായി ആവശ്യപ്പെടുന്നതാണ്. അവിടെ ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇല്ല, ഇതിനൊരു പരിഹാരമുണ്ടാകണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഇത് ഗവൺമെന്റിലേയ്ക്ക് വിട്ടുതരാൻ തയ്യാറാണെന്ന് പറഞ്ഞ് സഹകരണ വകുപ്പുമന്ത്രി വളരെ ഉദാരമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. നിശ്ചയമായും അത് ഗവൺമെന്റ് പരിഗണിക്കും.

## കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ്

ശ്രീ. എം. പി. വിൻസന്റ്: സർ, വളരെ ഗൗരവമുള്ള വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടത്തിന്റെ നൂലാമാലകൾകൊണ്ട് സാധാരണക്കാരായ നിരവധി ആളുകൾ കഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. രണ്ട് സെന്റ് മുതൽ അഞ്ച് സെന്റ് വരെയുള്ളതടക്കം വീട് വയ്ക്കുന്നവർക്ക് പല കാര്യങ്ങളും സാങ്ഷൻ കിട്ടണമെങ്കിൽ ഡി.പി.സി.യും അതുപോലെ സി.ടി.പി.യും കഴിഞ്ഞു വരുന്നതിന്, ഒരു അപേക്ഷ കൊടുത്താൽ രണ്ടുകൊല്ലവും മൂന്നു കൊല്ലവും എടുക്കുന്ന അവസ്ഥയാണ്. നമ്മുടെ കെട്ടിടനിർമ്മാണച്ചട്ടത്തിൽ സമൂലമായ മാറ്റം വരുത്തണം. അല്ലാത്ത പക്ഷം സാധാരണക്കാർ വളരെയേറെ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്ന സാഹചര്യമുണ്ടാകും. കേരളത്തിൽ ഇന്ന് ഗൃഹനിർമ്മാണത്തിന്റെ കാര്യത്തിൽ വൻമാറ്റങ്ങൾ വന്നുകഴിഞ്ഞു. സാധാരണക്കാർ ഇന്ന് അരസെന്റ് മുതൽ വാങ്ങി വീടു വയ്ക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. കെട്ടിടനിർമ്മാണച്ചട്ടങ്ങൾ ഉണ്ടാക്കുന്ന നൂലാമാലകൾ ഗൃഹനിർമ്മാണ മേഖലയിൽ സാധാരണക്കാരന് പ്രശ്നമായിരിക്കുന്നു. ചെറിയ പ്ലോട്ടുകളിൽ വീട് വയ്ക്കാൻ

നിലവിൽ നൽകിയ ഇളവുകൾ പര്യാപ്തമല്ല. മുൻ കെട്ടിട നിർമ്മാണ ചട്ടത്തിലെ 60, 61, 62 വകുപ്പുകൾ രണ്ട് സെന്റിൽ വീട് വയ്ക്കുന്നവർക്കായി മാറ്റേണ്ടതുണ്ട്. നിലവിൽ മുൻഭാഗത്ത് 1.8 മീറ്ററും വശങ്ങളിൽ 60-ഉം 90-ഉം പിൻഭാഗത്ത് 90 സെന്റിമീറ്ററും എന്ന കണക്കിൽ സ്ഥലം വിട്ടാൽ പിന്നെ വീടുവയ്ക്കുന്നതിന് വളരെ ഇടുങ്ങി പോകുകയാണ്. ഈ ചട്ടത്തിൽ ചെറിയ പ്ലോട്ടുകൾക്ക് കൂടുതൽ ഇളവുകൾ നൽകേണ്ടതുണ്ട്. പ്രധാന വഴിക്കരികിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഒഴികെ ബാക്കിയുള്ള സ്ഥലങ്ങളിൽ സാധാരണക്കാരായവർക്ക് വീട് വയ്ക്കുന്നതിന് ചട്ടങ്ങളിലെ നൂലാമാലകൾക്ക് മാറ്റം വരുത്തികൊണ്ട് എത്രയും പെട്ടെന്ന് പാവപ്പെട്ടവനെ സഹായിക്കുന്ന ഒരു മാറ്റം ഈ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

## കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, മൂന്ന് സെന്റ് വരെയുള്ള പ്ലോട്ടുകളിൽ നിർമ്മാണം നടത്തുമ്പോൾ സ്ഥലപരിമിതി മൂലമുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില ഇളവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾക്ക് ഫ്രണ്ട് യാർഡ്, റിയർ യാർഡ്, സൈഡ് യാർഡ് എന്നിവയിൽ കാര്യമായ ഇളവുകൾ നൽകിയിട്ടുണ്ട്. കൂടാതെ എഫ്.എ.ആർ കവറേജ്, റോഡിന്റെ മധ്യഭാഗത്തുനിന്നുള്ള അകലം, വഴിയുടെ വീതി, കാർ പാർക്കിംഗ്, കെട്ടിടത്തിന്റെ ഉയരം എന്നിവ സംബന്ധിച്ച പൊതുവായ ചട്ടങ്ങൾ ഇത്തരം നിർമ്മാണങ്ങൾക്ക് ബാധകമല്ല. എന്നാൽ രണ്ട് സെന്റിൽ താഴെയുള്ള പ്ലോട്ടുകളിൽ കെട്ടിടം നിർമ്മിക്കുന്ന

തിന് കൂടുതൽ ഇളവുകൾ അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥകളൊന്നും നിലവിലില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രണ്ട് സെന്റിൽ താഴെയുള്ള പ്ലോട്ടുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനില്ല. റോഡ് വൈഡനിംഗ് സമയങ്ങളിൽ ഇതുകൊണ്ട് പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പെട്ടെന്ന് ഒരു തീപ്പിടിത്തമുണ്ടായാൽ അവിടെ പുനർനിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇപ്പോഴുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ചട്ടങ്ങൾ പരിഷ്ക്കരിക്കുന്ന ഘട്ടത്തിൽ അർഹതപ്പെട്ട കേസ്സുകളിൽ ആവശ്യമായ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യംകൂടി പരിഗണിക്കുന്നതാണ്.

## പ്രീ-മെട്രിക് സ്കോളർഷിപ്പ്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും നടപ്പിലാക്കേണ്ടതുണ്ട്. അതിനാവശ്യമായ സാമ്പത്തിക പിൻബലം നൽകണം. പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിച്ചതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വകുപ്പുമന്ത്രിയേയും സംസ്ഥാന സർക്കാരിനെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. കേരളത്തിലെ പിന്നോക്ക സമുദായ ജനവിഭാഗങ്ങളുടെ നിരവധി വർഷങ്ങളായുള്ള പ്രധാനപ്പെട്ട ആവശ്യമായിരുന്നു ഒരു പിന്നോക്ക വകുപ്പ് രൂപീകരി

ക്കുകയെന്നത്. പക്ഷേ വകുപ്പ് രൂപീകരിച്ചുവെങ്കിലും പൂർണ്ണ അർത്ഥത്തിൽ അത് ഇപ്പോഴുമായിട്ടില്ല. പ്ലാനിംഗ് ബോർഡിൽ വിവിധ വകുപ്പുകൾക്ക് ആവശ്യമായ വർക്കിംഗ് ഗ്രൂപ്പുണ്ട്. എന്നാൽ പിന്നോക്കക്ഷേമ വകുപ്പിന് ഒരു വർക്കിംഗ് ഗ്രൂപ്പ് പ്ലാനിംഗ് ബോർഡിൽ ഇല്ല. പ്ലാനിംഗ് ബോർഡിന്റെ ചെയർമാനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. വകുപ്പുമന്ത്രി യോടും കൂടിയുള്ള അഭ്യർത്ഥന പിന്നോക്കക്ഷേമ വകുപ്പിന് പ്ലാനിംഗ് ബോർഡിൽ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാനുള്ള നടപടിയുണ്ടാകണം. പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നു പറയുന്നത് 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം സംസ്ഥാന ഗവൺമെന്റും കൊടുക്കുന്നതാണ്. വളരെ ദരിദ്രരായ പിന്നോക്ക സമുദായങ്ങളിലെ ഒ.ബി.സി.യിൽപ്പെട്ട വിദ്യാർത്ഥികൾക്കു കൊടുക്കുന്ന ഈ സ്കോളർഷിപ്പ് ഈ വർഷംതന്നെ പൂർണ്ണമായി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

## <u>പ്രീ-മെട്രിക് സ്കോളർഷിപ്പ്</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽ കുമാർ)</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യുദ്ധകാലാടിസ്ഥാനത്തിൽ വളരെ വേഗതയിലാണ് പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ചത്. വകുപ്പ് രൂപീകരിക്കുക മാത്രമല്ല ഡയറക്ടറേറ്റിൽ പത്തോളം തസ്തികകളുണ്ടാക്കുകയും നിയമനം നടത്തുകയും ചെയ്തു. അതോടൊപ്പം വകുപ്പ് രൂപീകരിച്ച കഴിഞ്ഞ വർഷത്തിൽതന്നെ 50 കോടി രൂപ അഞ്ചര ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ കൊടുക്കുവാൻ കഴിഞ്ഞു. ഈ വർഷവും

ഉടൻതന്നെ പൂർണ്ണമായി പ്രീ-മെട്രിക് സ്കോളർഷിപ്പ് കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടിയെടുക്കും. അതോടൊപ്പം പ്രിയപ്പെട്ട അംഗം സൂചിപ്പിച്ച പിന്നോക്ക സമുദായ വകുപ്പിന് വേണ്ടിയുള്ള വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വികസന വകുപ്പ് സെക്രട്ടറി, ഡയറക്ടർ, ധനകാര്യ വകുപ്പ് സെക്രട്ടറി, പ്ലാനിംഗ് ബോർഡ് മെമ്പർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു പിന്നോക്ക സമുദായ വർക്കിംഗ് ഗ്രൂപ്പ് ഉടൻതന്നെ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. അതോടൊപ്പംതന്നെ പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.